**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 268 — 21/06/2012-ൽ മറുപടിയ്ക്ക്

## പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന പ്രതിഫലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>റവന്യുവും കയറും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്ത് സർക്കാർ പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് നൽകിവരുന്ന പ്രതിഫലം സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) കേരള പൊന്നുംവില ചട്ടം 10 അനുസരിച്ചാണ് ഭൂമിയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. പുതിയ പുനരധിവാസ നയമനുസരിച്ച് ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമകളുമായി ചർച്ച നടത്തി ഭൂവില സംബന്ധിച്ച് ധാരണയിലെത്തുകയും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വില അനുവദിച്ചു നൽകുകയുമാണ് ചെയ്യുന്നത്. ഇതുമൂലം ഭൂദാതാക്കൾക്ക് അർഹമായ വില ലഭിക്കാനുള്ള സാധ്യത കൂടിയിട്ടുണ്ട്. മാത്രമല്ല വീടുകൾക്കും മറ്റ് ചമയങ്ങൾക്കും ഡിപ്രീസിയേഷൻ ഇല്ലാതെ വില കണക്കാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച പുതിയ പാക്കേജിന് എന്നുമുതൽ പ്രാബല്യം നൽകും ; | (സി) | 15-11-2011 -ലെ സർക്കാർ ഉത്തരവ് (എം. എസ്) 419/2011/റവ പ്രകാരം സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് ആംഗീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിന് 15-11-2011 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് എവിടെയെങ്കിലും ഇപ്പോൾ ലാന്റ് അക്വിസിഷൻ നടക്കുന്നുണ്ടോ ; | (ഡി) | സംസ്ഥാനത്ത് പലയിത്തും വിവിധ ആവശ്യങ്ങൾക്കായി ഇപ്പോൾ ലാന്റ് അക്വിസിഷൻ നടപടികൾ നടന്നു-വരുന്നുണ്ട്. |
| (ഇ) | അവയ്ക്കും പ്രസ്തുത പാക്കേജ് ബാധകമായിരിക്കുമോ ? | (ഇ) | 15-11-2011-ന് മുമ്പ് അവാർഡ് പാസ്സാക്കാത്ത എല്ലാ കേസുകൾക്കും പ്രസ്തുത പാക്കേജ് ബാധകമാണ്. |

സെക്ഷൻ ഓഫീസർ.